**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4343** **01-07-2024 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവ് ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയെന്ന് കണക്കാക്കാൻ സാധിക്കില്ല.എന്നാൽ നികുതി കുടിശ്ശിക ഇനത്തിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി എസ് ടി ഇതര നിയമങ്ങൾ വാറ്റ്, കെ ജി എസ് ടി, എ ഐ ടി മുതലായവയുടെ കീഴിൽ 2023-24 സാമ്പത്തിക വർഷം 31.03.2024 വരെ ഉള്ള കണക്കുകൾ പ്രകാരം 13559.45 കോടി രൂപയാണ് പിരിഞ്ഞു കിട്ടാനുള്ളത്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6885.02 കോടി രൂപയും 5106.19 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 1568.24 കോടി രൂപ മറ്റ് നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.<br><br>2023-24 സാമ്പത്തിക വർഷം വരെ ജി.എസ്സ്.ടി നികുതി കുടിശ്ശിക ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഡിമാന്റ് 2209.99 കോടി രൂപയാണ് . ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 987.29 കോടി രൂപയും 686.72 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 535.98 കോടി രൂപ മറ്റ് നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. |
| (ബി) | സംസ്ഥാനം ലക്ഷ്യമിട്ട രീതിയിൽ നികുതി പിരിച്ചെടുക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | 2017 ജൂലൈ മുതലാണ് സംസ്ഥാനത്ത് ജിഎസ്.ടി നിയമം നടപ്പിലാക്കിയിട്ടുള്ളത്. ജിഎസ്.ടി നടപ്പിലാക്കുന്ന ഘട്ടത്തിൽ സംസ്ഥാനം ലക്ഷ്യമിട്ടിരുന്നത് 14 ശതമാനം വാർഷിക നികുതി വളർച്ചയാണ്. സംസ്ഥാനത്തിന്റെ നികുതി പിരിവിന്റെ സിംഹഭാഗവും 14.5% അല്ലെങ്കിൽ അതിനു മുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും |

| | | | |
|---|---|---|---|
| | | | ജിഎസ്.ടി നികുതി നിരക്ക് 28 ശതമാനം (CGST 14%, SGST14%) ആയാണ് തുടക്കത്തിൽ നിശ്ചയിച്ചിരുന്നത്. എന്നാൽ ജിഎസ്.ടി കൗൺസിൽ പല ചരക്കുകളുടെയും നികുതി നിരക്കുകൾ 18% ( CGST 9%, SGST 9%), 12%( CGST 6% SGST 6%) എന്നീ രീതിയിൽ കുറവ് വരുത്തുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി വരവ് സാധ്യമാക്കാത്തതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്നാണ്. 2019-20, 2020-21 വർഷങ്ങളിൽ കോവിഡ് വ്യാപനം സാമ്പത്തിക വ്യവസ്ഥയെ ബാധിച്ചിട്ടുണ്ട്. ഇതു നികുതിപിരിവിനെയും ബാധിച്ചിട്ടുണ്ട്. |
| (സി) | നികുതി പിരിച്ചെടുത്ത് തനതു നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | നികുതി ചോർച്ച തടയുന്നതിനും നികുതി വകുപ്പ് കാര്യക്ഷമമാക്കുന്നതിനും വേണ്ട നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ജിഎസ്ടി വകുപ്പ് 2023 ൽ ഇതിനായി പുനഃ സംഘടിപ്പിച്ചിട്ടുണ്ട് .വകുപ്പിനെ നികുതിദായക സേവനങ്ങൾ, ഓഡിറ്റ്,ഇന്റലിജൻസ് എന്നിങ്ങനെ 3 കേന്ദ്രീകൃത വെർട്ടിക്കലുകളായി തിരിച്ചിരിക്കുന്നു.ഇന്റലിജൻസ് സംഘത്തിന്റെ എണ്ണം 18ൽ നിന്ന് 41 ആയി ഉയർന്നു.140 ഡെഡിക്കേറ്റഡ് ഓഡിറ്റ് ടീമുകൾ സംസ്ഥാന വരുമാനത്തിന്റെ 90 ശതമാനത്തിലധികം ഓഡിറ്റ്ചെയ്യുന്നു (ഏകദേശം 12,000 നികുതിദായകർ). ഓഡിറ്റിനുള്ള വിദഗ്ധ പരിശീലനം പൂർത്തിയായിട്ടുണ്ട്. ഓഡിറ്റ് വിഭാഗം നികുതി വെട്ടിപ്പ് തടയുന്നതിലേക്കായി നികുതി ദായകരുടെ കണക്കുകൾ ആഴത്തിൽ പരിശോധിക്കുന്നു. ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം നികുതി പിരിവിനെ ഊർജ്ജിതപ്പെടുത്തുന്നതിനു സഹായിക്കുന്നുണ്ട് .ടാക്സ് പെയർ സർവീസ് ടീമുകൾ സ്റ്റൂട്ടിനി ഐ.ജി.എസ്.ടി റിവേഴ്സലുകൾ, നികുതിദായകരുടെ പരിശീലനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്തു വകുപ്പിന്റെ പുന:സംഘടനയിൽ എല്ലാ ജില്ലയിലും ഇതിനായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലയിലും പ്രത്യേക വിഭാഗം (ആർ ആർ) രൂപീകരിച്ച് വകുപ്പ് തലത്തിലും തഹസിൽദാർ (ആർ ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷം ജി എസ്.ടി വരുമാനം വർധിപ്പിക്കുന്നതിനായി ഐ.ജി.എസ്.ടി. ഐ ടി സി റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരേയും ഇന്റലിജൻസും ടാക്സ് പെയേഴ്സ് വിങ്ങും നിരീക്ഷിച്ചു വരുന്നു. ജി എസ് ടി വരുമാനം |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമാകുന്നതിനായി 2023 മേയിൽ IGST ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർ സംസ്ഥാന നികുതിദായകരെ നിരീക്ഷിക്കുകയും അവരിൽ നിന്നു സംസ്ഥാനത്തിനു ലഭ്യമാകേണ്ട IGST വിഹിതത്തിന്റെ വരവ് നിരീക്ഷിച്ച് വരുന്നു.<br><br>പ്ലേസ് ഓഫ് സപ്ലൈയുടെ അടിസ്ഥാനത്തിൽ IGST കൈമാറ്റം കൃത്യമായി നടക്കുന്നുണ്ടോ എന്ന വിഷയം പരിശോധിക്കണമെന്ന് സംസ്ഥാനം GST കൗൺസിൽ മുൻപാകെ ഉന്നയിച്ചിട്ടുണ്ട്.<br><br>2023- 24 സാമ്പത്തിക വർഷത്തിൽ ഇന്റലിജൻസ് വിഭാഗം വിവിധ മേഖലകളിലായി നടത്തിയ 960 ഓളം പരിശോധനകളിൽ നിന്നും 1775.28 കോടി രൂപയുടെ ജി എസ് ടി നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെയും ഡാറ്റാ വിശകലനത്തിന്റെയും പിൻബലത്തിൽ വൻ നികുതി വെട്ടിപ്പ് നടത്തുന്ന ഒട്ടേറെ സംഘങ്ങളെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ഇന്റലിജൻസ് വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. അടയ്ക്ക , ആക്രി ,പ്ലൈവുഡ് മേഖലകളിൽ വ്യാജ രജിസ്ട്രേഷൻ എടുത്ത് കോടികളുടെ വ്യാജ ഇൻപുട്ട് കൈമാറ്റം ചെയ്യുന്ന വെട്ടിപ്പുകാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ഇന്റലിജൻസ് വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്.വ്യാജ ബില്ലിനെതിരെയും ബില്ല് നൽകാതിരിക്കുന്നതിനെതിരെയും ശക്തമായ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.<br><br>ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ 10 പേരെ ഇതുവരെ നികുതി വകുപ്പ് അറസ്റ്റ് ചെയ്തിട്ടുണ്ട്.ഇത് കൂടാതെ ജി.എസ്.ടി നിയമത്തിൽ ഇ-ഇൻവോയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അഞ്ച് കോടി വരെ വാർഷിക വിറ്റു വരവ് ഉള്ള നികുതി ദായകർക്ക് ഇ-ഇൻവോയ്സ് സംവിധാനം നിർബന്ധമാണ്. |

സെക്ഷൻ ഓഫീസർ